(ബി) എന്നുമുതലുള്ള ലോട്ടറി കേസ് അഴിമതി സി.ബി.ഐ. അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഏതെല്ലാം അന്യസംസ്ഥാനത്തെ ലോട്ടറികളാണ് കേരളത്തിൽ വിറ്റഴിക്കുന്നത് ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിന്റെ എത്ര ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കുന്നുണ്ട് ; ഇവ ഓരോന്നിന്റെയും നറുക്കെടുപ്പ് കാലാവധി, സമ്മാനത്തുക, ലോട്ടറി ടിക്കറ്റിന്റെ വില മുതലായ പൂർണ്ണ വിവരങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് മുഖ്യമന്ത്രി 29-11-2010-ന് അയച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) 2005-ലെ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ടിൻ കീഴിൽ നിലവിൽ അന്യസംസ്ഥാന ലോട്ടറികളിൽ ഒന്നിൽ നിന്നും അഡ്വാൻസ് നികുതി സ്വീകരിക്കുന്നില്ല. അഡ്വാൻസ് നികുതി അടയ്ക്കാത്ത ലോട്ടറികൾ കേരളത്തിൽ നിയമപരമായി വില്പന നടത്താൻ പാടുള്ളതല്ല.

(ഡി) നിലവിൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ "വിൻ വിൻ" പ്രതിവാര ഭാഗ്യക്കുറിയും, ഒരു വർഷം 6 ബമ്പർ ഭാഗ്യക്കുറികളുമാണ് സംസ്ഥാനത്ത് വിൽക്കുന്നത്. വിൻ വിൻ പ്രതിവാര ഭാഗ്യക്കുറി ആഴ്ചതോറും നറുക്കെടുപ്പ് നടത്തുന്നു. ബമ്പർ ഭാഗ്യക്കുറികൾ രണ്ട് മാസത്തിലൊരിക്കൽ വീതം നറുക്കെടുപ്പ് നടത്തുന്നു. 40 ലക്ഷം രൂപയും, 50 പവനുമാണ് ഒന്നാം സമ്മാനമായി വിൻ വിൻ പ്രതിവാര ഭാഗ്യക്കുറിക്ക് നൽകുന്നത്. ടിക്കറ്റ് മുഖവില 20 രൂപ. ബമ്പർ ഭാഗ്യക്കുറികൾക്ക് വ്യത്യസ്ത സമ്മാന ഘടനയാണ് അവലംബിക്കുന്നത്. ഇപ്പോൾ വിറ്റുവരുന്ന ക്രിസ്തുമസ്, ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 2 കോടി രൂപയും, 1 കിലോ തങ്കവുമാണ്. ടിക്കറ്റ് വില 100 രൂപയുമാണ്.

ഭൂട്ടാൻ ലോട്ടറി വില്പന

197 (264) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപത്തഞ്ച് ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ ഭൂട്ടാൻ ലോട്ടറി സംസ്ഥാന സർക്കാർ നേരിട്ട് വിൽക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഈ തീരുമാനം പ്രഖ്യാപിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു ;

(സി) ഇതു സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നുവോ ;

(ഡി) പ്രസ്തുത വിഷയം ക്യാബിനറ്റിന്റെ ചർച്ചയ്ക്ക് വരികയുണ്ടായോ ; എങ്കിൽ എന്നാണ് ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മന്ത്രിസഭ ചർച്ചയെത്തുടർന്ന് എന്തെങ്കിലും തീരുമാനം എടുത്തിരുന്നുവോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) ഇത് സംബന്ധിച്ച് സർക്കാർ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

അന്യസംസ്ഥാന ലോട്ടറികൾ

198 (265) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ച് സംസ്ഥാനത്ത് വിൽപ്പന നടത്തിയ അന്യസംസ്ഥാന ലോട്ടറികൾ ഈ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ എത്ര കോടി രൂപ സംസ്ഥാനത്തു നിന്നും ചൂഷണം ചെയ്തിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ സ്ഥിതിവിവരക്കണക്കുകൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വിൽക്കാത്ത ടിക്കറ്റിന്റെ സമ്മാനം ലോട്ടറി പ്രൊമോട്ടർമാർ സ്വന്തമായി എടുക്കുന്നത് കള്ളപ്പണം വെളുപ്പിക്കുന്നതിനാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന കേന്ദ്ര ഏജൻസികളെക്കൊണ്ട് ഇത്തരം കാര്യങ്ങൾ അന്വേഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി & ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly